(ബി) 10-10-1987 മുതലുള്ള കേസുകൾ.

(സി) കേസന്വേഷണം പൂർത്തിയാവുന്നമുറയ്ക്ക് ചാർജ് ഷീറ്റുകൾ സമർപ്പിക്കുന്നതാണ്.

അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം 465/00-ാം നമ്പർ കേസ് പുനരന്വേഷണം

148 (3791) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം 465/00-ാം നമ്പർ കേസ് വ്യാജമാണെന്നും ആയത് പുനരന്വേഷണം നടത്തണമെന്നും കേസന്വേഷണം നടത്തിയ പോലീസ് സബ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വിജിലൻസ് ബ്യൂറോ നൽകിയ റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത കേസിൻമേൽ പുനരന്വേഷണം നടത്തിയോ ;

(ബി) പുനരന്വേഷണത്തിൽ കേസ് വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് സർക്കാരിന് ബോദ്ധ്യം വന്നിട്ടുണ്ടോ ;

(സി) പുനരന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഡി) വ്യാജമായി കേസ് കെട്ടിച്ചമച്ച പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ കേസ് വ്യാജമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോദ്ധ്യമായതിനെ തുടർന്ന് പുനലൂർ ഡി.വൈ.എസ്.പി. റഫർ ചാർജ് കൊടുത്തിരുന്നു എന്ന വസ്തുത ശരിയാണോ ;

(എഫ്) മേൽപ്പറഞ്ഞ കേസിലെ ഒരു എതിർകക്ഷി മൂന്ന് മോഷണ കേസിലെ പ്രതിയും, ശിക്ഷ ലഭിച്ചിട്ടുള്ള ആളുമാണെന്ന വസ്തുത ശരിയാണോ ;

(ജി) ഈ എതിർ കക്ഷിയുടെ പേര് വെളിപ്പെടുത്തുമോ ;

(എച്ച്) ശ്രീ. കുര്യൻ ജോർജിനെതിരെ ഇപ്രകാരം ഒരു വ്യാജകേസ് ഉണ്ടാക്കുവാനിടയായ സാഹചര്യവും കാരണങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ) പുനരന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 465/00 നമ്പർ കേസ്സിൽ പുനലൂർ എ.എസ്.പി. പുനരന്വേഷണം നടത്തിയതിൽ നിന്നും ടി കേസ് കളവാണെന്ന് കണ്ട് "ഫാൾസ്" ആയി അന്തിമ റിപ്പോർട്ട് കോടതി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അഞ്ചൽ എസ്.ഐ. ആയിരുന്ന വി. സുഗതന് എതിരെ ഒരു അവാച്യാന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ നടന്നുവരുന്നു.

(ഇ) ഫാൾസ് റിപ്പോർട്ട് നൽകിയിരുന്നു.

(എഫ്&ജി) ടി കേസിൽ പ്രതികളായി ആരോപിച്ചവരുടെ പേരിൽ മോഷണ കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(എച്ച്) അഞ്ചൽ വില്ലേജിൽ അഗസ്തിക്കോട് മുറിയിൽ കുരുവിക്കോണം തേക്കിൻ കാട്ടിൻ പുത്തൻവീട്ടിൽ ഭാർഗ്ഗവി മകൾ ചന്ദ്രമതിയേയും മറ്റും ശ്രീ.കുര്യൻജോർജും, ടിയാന്റെ ഭാര്യ സോമു കുര്യൻ ജോലിക്കാരനായ മോഹനനും കൂടി അസഭ്യം വിളിച്ചതിനെ തുടർന്ന് ടിയാൻമാർക്കെതിരെ പോലീസിൽ പരാതികൊടുത്തതിലുള്ള വിരോധ കാരണത്താൽ 17-12-2000-ൽ ടി. കുര്യൻ ജോർജും മോഹനനും കൂടി ചന്ദ്രമതിയുടെ വീട്ടുമുറ്റത്ത് കയറി ടിയാളെയും ടിയാളുടെ ഭർത്താവിനേയും ചീത്ത വിളിക്കുകയും ശല്യം ചെയ്തതായും കാണിച്ച് ടി ചന്ദ്രമതി പുനലൂർ മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. 7098/2000 നമ്പർ അന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥർ

149 (3798) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എ.എസ്.പി. മുതൽ ഡി.വൈ.എസ്.പി. വരെയുള്ള എത്ര ഉദ്യോഗസ്ഥരുടെ പേരിൽ അഴിമതിയും സ്വഭാവദൂഷ്യവും കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെങ്കിലും കേസിൽ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ള വരുടെയും അന്വേഷണം നേരിടുന്നവരുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വിജിലൻസ് അന്വേഷണം ആരുടെയെല്ലാം പേരിൽ നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly